കോളേജ് അധ്യാപകരുടെ യാത്രാ ബത്ത

400 [746] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 മേയ് മാസത്തിനു ശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ ട്രാൻസ്ഫർ, ടി.എ., ഡി.എ., എന്നീ ഇനങ്ങളിൽ എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരത്തുള്ള കോളേജുകളിൽനിന്നും ട്രാൻസ്ഫർ, ടി.എ., ഡി.എ. എന്നിവ നൽകി ആർക്കെല്ലാം മലബാറിലേയ്ക്കും, മറ്റു സ്ഥലങ്ങളിലേയ്ക്കും മാറ്റം നൽകിയിട്ടുണ്ടെന്ന് പറയുമോ;

(സി) തിരുവനന്തപുരത്ത് നിന്ന് മാറ്റപ്പെടുന്ന അദ്ധ്യാപകർക്ക് ട്രാൻസ്ഫർ, ടി.എ., ഡി.എ. ഇവ നൽകേണ്ടിവരുമെന്ന കാരണം പറഞ്ഞ്, മലബാറിൽ അഞ്ചുവർഷത്തിൽ കൂടുതൽ കാലം സേവനമനുഷ്ഠിച്ച് ഏതെങ്കിലും കോളേജ് അദ്ധ്യാപകരുടെ തിരുവനന്തപുരത്തേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടുള്ള അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരിഗണിക്കാതിരുന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, ആരുടെയെല്ലാമാണെന്നും, അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ഇ) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3,519 രൂപ 05 പൈസ.

(ബി) ശ്രീമതി പി. എം. ലീലാമ്മയെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും പട്ടാമ്പിയിലേയ്ക്കും, ശ്രീമതി എൽ. പ്രസന്നകുമാരിയെ തിരുവനന്തപുരം വിമൻസ് കോളേജിൽ നിന്നും പട്ടാമ്പിയിലേയ്ക്കും, ശ്രീ. എൻ. ദേവരാജനെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലേയ്ക്കും, ഡോ: എൻ. വിജയകൃഷ്ണനെ തിരുവനന്തപുരം വിമെൻസ് കോളേജിൽ നിന്നും കൊയിലാണ്ടിയിലേക്കും, ശ്രീ. ഫ്രെഡറിക് ജോണിനെ തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നിന്നും ചിറ്റൂരിലേയ്ക്കും, ശ്രീ. എസ്. മാധവക്കുറുപ്പിനെ തിരുവനന്തപുരം ട്രെയിനിംഗ് കോളേജിൽനിന്നും കോഴിക്കോട്ടേയ്ക്കും, ശ്രീ. വേദനഹായകുമാറിനെ തിരുവനന്തപുരം വിമെൻസ് കോളേജിൽ നിന്ന് പാലക്കാട്ടേയ്ക്കും സ്ഥലം മാറിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

GPM. 2/490/08

LIBRARY ARCHIVES Kerala Legislative Assembly